പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6174 — 31.10.2011 ൽ മറുപടിയ്ക്ക്

ലൈനുകളിൽ പ്രീ മൺസൂൺ മെയിന്റനൻസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. എസ്. സുനിൽ കുമാർ<br>ശ്രീ. ഇ. കെ. വിജയൻ<br>ശ്രീ. ജി. എസ്. ജയലാൽ<br>ശ്രീമതി ഗീതാ ഗോപി | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് എത്ര കിലോമീറ്റർ 11 കെ.വി. ലൈനുകളും, എത്ര കിലോമീറ്റർ വൈദ്യുതി വിതരണ ലൈനുകളുമുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) 30/9/2011 ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് 50240 കിലോമീറ്റർ 11 കെ.വി ലൈനും 268731 കിലോമീറ്റർ എൽ.റ്റി.ലൈനുകളും ഉണ്ട് |
| (ബി) പ്രസ്തുത ലൈനുകളിൽ പ്രീ മൺസൂൺ മെയിന്റനൻസ് നടത്താറുണ്ടോ ; എങ്കിൽ എന്തെല്ലാം പ്രവൃത്തികളാണ് ഇതിലുൾപ്പെടുത്തി ചെയ്യുന്നതെന്ന് വിശദമാക്കുമോ ? | (ബി) ഉണ്ട്. എച്ച്.റ്റി. ലൈനിന്റെയും എൽ.റ്റി ലൈനിന്റെയും ടച്ചിംഗ് നീക്കം ചെയ്യുക, കേടായതും പഴക്കം ചെന്നതുമായ പോസ്റ്റുകൾ, സ്റ്റേകൾ, കണ്ടക്ടറുകൾ, ഇൻസുലേറ്ററുകൾ എന്നിവ മാറ്റി സ്ഥാപിക്കുക, ഇൻസുലേറ്റർ ഇല്ലാത്ത സ്റ്റേ കമ്പികളിൽ ഇൻസുലേറ്റർ ഘടിപ്പിക്കുക, താഴ്ന്നു കിടക്കുന്ന ലൈനുകൾ റീ ഷാക്കിളിംഗ് നടത്തുക, ബ്രിഡ്ജിംഗ് പരിശോധന നടത്തി ആവശ്യമെങ്കിൽ മാറ്റി സ്ഥാപിക്കുക തുടങ്ങിയ പ്രവൃത്തികൾ പ്രീ മൺസൂൺ മെയിന്റനൻസിൽ ഉൾപ്പെടുത്തി ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ